# Desabhimani
# 23 July 2018
# Palluruthy, Monsoon Immunization Camp

## മഴക്കാല രോഗപ്രതിരോധക്യാമ്പ്

**പള്ളുരുത്തി**

പനങ്ങാട് ഉദയത്തുംവാതിൽ സെൻട്രൽ റസിഡൻസ് അസോസിയേഷന്റേയും കുമ്പളം ആയുർവേദ ഡിസ്പെൻസറിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ കുമ്പളം പഞ്ചായത്തിന്റെ സഹകരണത്തോടെ ഉദയത്തുംവാതിൽ കടത്തുകടവ് പരിസരത്ത് സൗജന്യ മഴക്കാല പ്രതിരോധ ആയുർവേദ ക്യാമ്പ് സംഘടിപ്പിച്ചു. മനോജ് കുമാർ അദ്ധ്യക്ഷനായ യോഗം കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് ഷേർളി ജോർജ് ഉദ്ഘാടനംചെയ്തു. കല സുനിൽ, റസീന സലാം, ടി ആർ രാഹുൽ, ഡോ. മഹേഷ്, സുനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. രാമകൃഷ്ണൻ സ്വാഗതവും ജെസി ആൻറണി നന്ദിയും പറഞ്ഞു. ക്യാമ്പിൽ പകർച്ചവ്യാധി പ്രതിരോധമരുന്നുകൾ സൗജന്യമായി വിതരണംചെയ്തു.